ഉത്തരം

(എ) പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ഓരോ പ്രവർത്തന മേഖലയിലും ആകെ വകയിരുത്തിയ തുകകൾ സംബന്ധിച്ചവിവരം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 4-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരമാണ്.*

(ബി) പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ഓരോ പ്രവർത്തനമേഖലയിലും അധികമായി വകയിരുത്തിയ തുകകൾ സംബന്ധിച്ചവിവരം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 5-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളപ്രകാരമാണ്.

(സി) വിവിധ പ്രവർത്തനമേഖലകളിൽ പദ്ധതി, പദ്ധതിയേതര ഇനങ്ങളിലുള്ള ചെലവു സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 7,8 കോളങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളപ്രകാരമാണ്.

പദ്ധതി അടങ്കൽതുക

157 (171) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തെ പദ്ധതി അടങ്കൽ എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

(ബി) ഇവയിൽ ജനുവരി 15-വരെ വിവിധ വകുപ്പുകൾ എത്ര രൂപ ചെലവഴിച്ചു. ഇത് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ;

(സി) 2010 ഡിസംബർ 31-വരെ കടബാധ്യത എത്ര രൂപയാണ് ;

(ഡി) ഈ സാമ്പത്തികവർഷം ഏതെങ്കിലും ഏജൻസികളിൽനിന്നും വായ്പ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ എത്ര ശതമാനം പദ്ധതി തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) സാമ്പത്തിക വർഷത്തിന്റെ അവസാനപാദം പദ്ധതിപ്പണം വർദ്ധിതമായി വിനിയോഗിക്കുന്നത് തടയുന്നതിന് ധനകാര്യവകുപ്പിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ മറ്റ് വകുപ്പുകൾക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10025 കോടി രൂപയാണ് 2010-11 വർഷത്തെ പദ്ധതി അടങ്കൽ.

(ബി) വകുപ്പുതല താല്ക്കാലിക കണക്കനുസരിച്ച് 2010 ഡിസംബർ 31-വരെ വിവിധ വകുപ്പുകൾ 4213.87 കോടി രൂപ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. എന്നിവയുടെ പദ്ധതി ചെലവുകൾ ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. ഇത് വാർഷിക പദ്ധതി അടങ്കലിന്റെ 42 ശതമാനമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) താല്ക്കാലിക കണക്ക് പ്രകാരം 2010 ഡിസംബർ 31-വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 74298 കോടി രൂപയാണ്.

(ഡി) ഉണ്ട്.

ക്രമ നമ്പർ	ഏജൻസി	വായ്പയായി സ്വീകരിച്ച തുക (31-1-2011-വരെ) (രൂപ കോടിയിൽ)
1.	JICA(കേരള വാട്ടർ സപ്ലൈ പ്രോജക്ട്)	95.68
2.	ലോക ബാങ്ക്(കെ.എസ്.റ്റി.പി.)	105.01
3.	ലോക ബാങ്ക് നാഷണൽ ഹൈഡ്രോളജി പ്രോജക്ട്	2.44
4.	എ.ഡി.ബി. (കെ.എസ്.യു.ഡി.പി.)	75.61
5.	നബാർഡ് ആർ.ഐ.ഡി.എഫ്. (വിവിധ പ്രോജക്ടുകൾ)	183.60

(ഇ) താല്ക്കാലിക കണക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2010 ഡിസംബർ 31-വരെ പദ്ധതി അടങ്കലിന്റെ 35 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ചില വകുപ്പുകൾക്ക് കഴിയുന്നില്ല. പദ്ധതിപ്പണം ചെലവാക്കുന്നതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനുള്ള കാലതാമസമാണ് സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ പദ്ധതിപ്പണം വർദ്ധിതമായി വിനിയോഗിക്കുന്നതിനിടയാക്കുന്നത്.

വാർഷിക പദ്ധതിയിൽ ചെലവഴിക്കാത്ത തുക

158 (172) ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ വാർഷിക പദ്ധതിയുടെ എത്ര ശതമാനം തുക പാഴായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇതുസംബന്ധിച്ച ആസൂത്രണ കമ്മീഷന്റെ വിലയിരുത്തലിൽ എത്ര കോടി രൂപ പാഴായി എന്നാണ് കണ്ടെത്തിയിരുന്നത് ;

(സി) ഇങ്ങനെ പാഴായതായി പറയുന്ന തുക ഏതെല്ലാം വകുപ്പുകളുടെ ഏതൊക്കെ പ്രവൃത്തികളുടേതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly